കടൽഭിത്തി നിർമ്മാണത്തിന് ലഭ്യമായ ദർഘാസ് അംഗീകരിക്കുകയും പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയുമാണ്. നഗരത്തിലെ വാടയ്ക്കൽ, ബീച്ച് തുടങ്ങിയ വാർഡുകളിൽ 300 മീറ്റർ ദൂരം കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 50 മീറ്റർ നീളത്തിൽ പണികൾ പുരോഗതിയിലാണ്. ഈ പ്രദേശത്തെ കടൽഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി 4 പണികൾക്ക് ടെൻഡർ ചെയ്തു. ആ ടെൻഡർ സമർപ്പിക്കുവാൻ കരാറുകാർ ആരും മുന്നോട്ടുവരാത്തതിനാൽ ഇവയിൽ 2 പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും മറ്റ് രണ്ട് പണികൾ റീ-ടെൻഡർ ചെയ്യുകയും ചെയ്തു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 29-06-99 ആയിരുന്നു. ആരും തന്നെ ടെൻഡർ സമർപ്പിച്ചിട്ടില്ല. അത് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തന്നെയായിരിക്കും കാരണം, കുറെ കുടിശ്ശിക കൊടുക്കാനുണ്ട് എന്നുള്ളത് സത്യമാണ്, ഈ കുടിശ്ശിക രണ്ടുമൂന്നു ഗഡുക്കളായി അടുത്ത. ഡിസംബറിനു മുൻപ് കൊടുക്കുന്നതിനെ സംബന്ധിച്ച് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഗഡു ഈ അടുത്ത കാലത്തുതന്നെ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. രൂക്ഷമായ കടലാക്രമണം നടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലേയ്ക്കായി മണൽചാക്ക് അടുക്കിയും മറ്റും അടിയന്തിര സംരക്ഷണം നൽകുന്നതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ എനിക്ക് സമർപ്പിക്കാനുള്ള നിർദ്ദേശം ഈ കടലാക്രമണപ്രവർത്തനങ്ങളിൽ മെയിന്റനൻസ് നടത്തുന്ന കാര്യത്തിൽ ഉണ്ടായ പ്രവർത്തനപുരോഗതി വിലയിരുത്താൻ അങ്ങ് തീരപ്രദേശങ്ങളിലെ എം.എൽ.എ.മാരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : വിളിച്ചുകൂട്ടാം സാർ, യാതൊരു ബുദ്ധിമുട്ടുമില്ല.

(2) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> . സർ, നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിൽ 17.54 ശതമാനവും കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലാണ്. ഇതാണ് ഏറ്റവും വലിയ ട്രാൻസ്പോർട്ട് ഓർഗനൈസേഷൻ. നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ സർവ്വീസുകൾ ലാഭം മാത്രം കണ്ടുകൊണ്ട് സർവ്വീസ് നടത്തുന്നവയാണ്. ഏറ്റവും ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്താൻ അനുവാദം നൽകുന്ന മോട്ടോർ വെഹിക്കിൾ ആക്ട് ആണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ ആളുകൾ യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യെ ആണ് ആശ്രയിക്കുന്നത്. സ്വകാര്യമേഖലയിലും പൊതുമേഖലയിലും 5482 ബസ്സുകളിൽ 3946 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉള്ളത്. 58 ഡിപ്പോകളിൽ നിന്നായി 3622.26 ലക്ഷം കിലോമീറ്റർ ദൈർഘ്യം വരുന്ന 3946 ഷെഡ്യൂളുകൾ 4136 റൂട്ടുകളിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. 1996 മെയ് മാസം മുതൽ 1999 ജൂൺ മാസം വരെ 1259 പുതിയ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3171 ഷെഡ്യൂളുകളും 3534 ബസ്സുകളും ഉണ്ടായിരുന്നു. അന്ന് ദിവസേന ശരാശരി 83.80 ലക്ഷം രൂപയായിരുന്നു വരുമാനം ഉണ്ടായിരുന്നത്. 99 ജൂൺ മാസം 3801 ഷെഡ്യൂളുകളും 3946 ബസ്സുകളും ആയി വർദ്ധിച്ചപ്പോൾ 111.19 ലക്ഷം രൂപയായി ഇതിന്റെ വരു

LIBRARY ARCHIVES Kerala Legislative Assembly

മാനം ഉയർന്നു. ഇതിന്റെ ദൂരത്തിനും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഒരു ദിവസം ശരാശരി രണ്ടുലക്ഷം കിലോമീറ്റർ വർദ്ധനവാണ് ഇതിൽ ഉണ്ടായിട്ടുള്ളത്. സർ, പന്തീരായിരത്തി മുപ്പത്തിമൂന്നു ലക്ഷം ആളുകളാണ് കെ.എസ്.ആർ.ടി.സി.യിൽ യാത്രചെയ്തുവരുന്നത്. ഇന്ന് കെ.എസ്.ആർ.ടിസിയുടെ സ്ഥിതിയെന്താണ്? ഞങ്ങളുടെ നാട്ടിൽ പറയാറുണ്ട്, 'ഇല്ലത്തുനിന്ന് പുറപ്പെടുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല.' ഇന്ന് കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ യാത്രചെയ്യുന്ന മിക്കവാറും എല്ലാ സ്ഥലങ്ങളിലും സ്ഥിതിയിതാണ്. ഇതിനു കാരണം കെ.എസ്.ആർ.ടി.സി.യിൽ വളരെക്കൂടുതൽ ബസ്സുകൾ വളരെയേറെ കാലപ്പഴക്കം ചെന്നവയാണ്. പത്തുവർഷവും അതിൽ കൂടുതലും കാലപ്പഴക്കമുള്ള 329 ബസ്സുകൾ ഇന്ന് കെ.എസ്.ആർ.ടി.സി.യിൽ ഉണ്ട്. ഇതിൽ ഏറെ കൂടുതൽ ബസ്സുകളും ഡിപ്പോയിൽ കിടക്കുകയാണ്. ഏഴു വർഷത്തിനും പത്തുവർഷത്തിനും താഴെ പഴക്കമുള്ള 885 ബസ്സുകൾ ഉണ്ട്. അഞ്ചുവർഷത്തിനു മേലെ ഏഴു വർഷത്തിനു താഴെയായി പഴക്കമുള്ള 589 ബസ്സുകൾ ഉണ്ട്, അഞ്ചുവർഷത്തിനുതാഴെയായി കാലപ്പഴക്കമുള്ള 2073 ബസ്സുകളാണ് ഇന്നു നിലവിലുള്ളത്. ഇന്ന് സർവ്വീസ് നടത്തുന്നതിൽ അഞ്ചുവർഷത്തിനുതാഴെ പഴക്കമുള്ള 2073 ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ യോഗ്യമായിട്ടുള്ളു. ഇത് കെ.എസ്.ആർ.ടി.സിയുടെ മൊത്തം സർവ്വീസിൽ ശരാശരി 53.48 ശതമാനം മാത്രമാണ്. അഞ്ചുവർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ഭീമമായ തുക ചെലവഴിക്കേണ്ടിവരികയാണ്. ഇത് കോർപ്പറേഷനെ വളരെ വലിയ നഷ്ടത്തിലേയ്ക്ക് എത്തിക്കുകയാണ്. ഇത് ഒഴിവാക്കി അഞ്ചു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസ്സുകൾ റീപ്ലെയിസ് ചെയ്യുവാൻ കഴിയണം. പല ഡിപ്പോകളിലും വളരെ കൂടുതൽ ബസ്സുകൾ ദിവസേന കാൻസൽ ചെയ്യേണ്ടിവരുന്നു. ഇതിൽ കൂടുതൽ ബസ്സുകളും സ്പെയർപാർട്സിന്റെ കുറവുകൊണ്ടാണ് കാൻസൽ ചെയ്യേണ്ടി വരുന്നത്. വളരെ ചെലവു കുറഞ്ഞ സ്പെയർപാർട്സിന്റെ അഭാവംകൊണ്ടാണ് മൂവായിരം മുതൽ പതിനായിരം രൂപവരെ കളക്ഷനുള്ള പല ഷെഡ്യൂളുകളും കാൻസൽ ചെയ്യേണ്ടിവരുന്നത്. ടയറും ട്യൂബും ഇല്ലാത്തതു മൂലവും ചിലത് നട്ടും, ബോൾട്ടും ഇല്ലാത്തതുകൊണ്ടും അങ്ങനെ ചെറിയ കാര്യങ്ങൾ കൊണ്ടാണ് പതിനായിരക്കണക്കിന് രൂപ വരുമാനമുള്ള പല ഷെഡ്യൂളുകളും കാൻസൽ ചെയ്യേണ്ടിവരുന്നത്. ഇത് പരിഹരിക്കാൻ അടിയന്തിരമായി ഗവൺമെന്റ് ശ്രദ്ധിക്കണം. ഇത് പരിഹരിക്കുന്നതിന് എല്ലാ ഡിപ്പോകളിലും സ്പെയർപാർട്സ് വിതരണം ചെയ്യണം. സ്പെയർ പാർട്സിന്റെ പോരായ്മകൊണ്ട് ഒരു സർവ്വീസും കാൻസൽ ചെയ്യുകയില്ലായെന്ന് ഉറപ്പുവരുത്താൻ വേണ്ടി കഴിയണം. അതേ രൂപത്തിൽ തന്നെയാണ് ആവശ്യത്തിന് ജീവനക്കാരില്ലാതെയും സർവ്വീസുകൾ കാൻസൽ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.വഴി 2551 കണ്ടക്ടർമാരേയും 341 ഡ്രൈവർമാരേയും നിയമിക്കുകയുണ്ടായി.

സർ, പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പിന്നേയും വേണ്ടി വന്ന കുറെയേറെ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തിയിട്ടുണ്ട്. അങ്ങനെയാണെങ്കിലും നമ്മുടെ സംസ്ഥാനത്തെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാനാവശ്യമായ ജീവനക്കാർ ഇന്ന് കെ.എസ്.ആർ.ടി.സിയിൽ ഇല്ല. അത്തരം ഗതാഗതവിഭാഗം ജീവനക്കാരിൽ 1997-ൽ 16,886 പേരാണ് ഉണ്ടായിരുന്നത്. 1998-ൽ 15,180 ആയി. 1999 ആയപ്പോൾ അതിലും കുറവായി. മെക്കാനിക്കൽ വിഭാഗത്തിൽ 1997-ൽ 6742 പേരായിരുന്നു. 1998 ആയപ്പോഴേയ്ക്കും 5789-ഉം 1999 ആയപ്പോഴേയ്ക്കും അതിലും കുറ

LIBRARY ARCHIVES Kerala Legislative Assembly

വാണ്. ജീവനക്കാരുടെ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിര മായി 60 ഡിപ്പോകളിൽ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണെങ്കിൽപോലും നിയമിക്കാനുള്ള അധികാരം കൊടുത്ത് കൂടുതൽ ആളുകളെ പി.എസ്.സി.യുടെ ഇന്റർവ്യൂവിലൂടെ തൊഴിൽസാദ്ധ്യത ഉണ്ടാക്കി ക്കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിച്ച് കെ.എസ്. ആർ.ടി.സി.യിൽ നിലവിലുള്ള എല്ലാ വേക്കൻസികളും പൂർണ്ണമായി നിക ത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. ജീവനക്കാരില്ലാത്തതിന്റെ ഭാഗ മായി ഒറ്റ ഷെഡ്യൂളും കാൻസൽ ചെയ്യുകയില്ലെന്ന് ഉറപ്പ് വരുത്താൻ കഴിയ ണം. അതേ രൂപത്തിൽ ഈ സ്ഥാപനം നല്ലരീതിയിൽ നടത്തിക്കൊണ്ടുപോ കുന്നതിനുവേണ്ടി തൊഴിലാളികളുടെ എല്ലാവിധത്തിലുള്ള സഹകരണവുമു ണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശമ്പള പരി ഷ്കരണം അടിയന്തിരമായി നടപ്പിലാക്കാൻവേണ്ടിയുള്ള ശ്രമമുണ്ടാകണം. കേരളത്തിൽ ഇന്ന് കൂടുതൽ ബസുകൾ, ഞാൻ ആദ്യം പറഞ്ഞ രൂപത്തിൽ, നിലനിൽക്കുന്ന മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് പ്രൈവറ്റ് ബസ്സുക ളെല്ലാം നാഷണൽ ഹൈവേയിലേക്കും സ്റ്റേറ്റ് ഹൈവേയിലേക്കും ചേക്കേറുക യാണ്. അതിന്റെ ഭാഗമായി ദേശസാൽകൃത റൂട്ടുകളിലും റൂറൽ സെക്ടറുക ളിലും ഇന്ന് യാത്രക്കാർ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചുകൊ ടുക്കേണ്ടതുണ്ട്. അതിന് കൂടുതൽ ബസ്സുകൾ നിരത്തിലിറക്കണം. നിലവിലുള്ള കാലപ്പഴക്കം ചെന്ന ബസ്സുകൾ റീപ്ലേസ് ചെയ്യണം. കൂടുതൽ ബസ്സുകൾ നിര ത്തിലിറക്കുന്നതിനാവശ്യമായ വിഭവസമാഹരണം കണ്ടെത്തണം. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഹഡ്കോയിൽ നിന്ന് ലോൺ എടുക്കുന്ന കാര്യത്തെക്കു റിച്ച് സൂചിപ്പിച്ചതാണ്. പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് ബസ്സ് ഇറക്കു ന്നതിനുവേണ്ടി കോർപ്പറേഷൻ പണം വായ്പ കൊടുക്കുന്നു. അതേരൂപത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള ധനകാര്യ ഏജൻസികളിൽ നിന്ന് പരമാവധി വിഭവ സമാഹരണം നടത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇങ്ങനെയുള്ള പോരായ്മകൾ പരിഹ രിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്താനുള്ള അടിയന്തിര ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) : സർ, ഇന്നലെ ഗതാഗത വകുപ്പിന്റെ ചർച്ച വിശദമായി ഇവിടെ നട ന്നതാണ്. അതുകഴിഞ്ഞ് ഇന്ന് ഈ കാളിംഗ് അറ്റൻഷന്റെ പ്രസക്തി എന്താ ണെന്ന് എനിക്ക് അറിയില്ല. ഇന്നലെ പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും പലതും ആവർത്തിക്കേണ്ടിവരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സഞ്ചരിച്ചാൽ പുറപ്പെടുന്ന ബസ്സുകൾ ലക്ഷ്യസ്ഥാനത്ത് എത്തുന്നില്ലെന്ന് ബ ഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. കെ.എസ്.ആർ.ടി.സി. ബസ്സ് അല്ല, ജീവിതയാത്ര തന്നെ അങ്ങനെയാണ്. എവിടെ എത്തുമെന്ന് ആർക്കും ഒന്നും പറയാൻ സാധിക്കുകയില്ല. ഒന്നിനും ഒരു നിശ്ചയവുമില്ല. ഇപ്പോൾ കെ.എസ്. ആർ.ടി.സി.യിൽ 3801 ഷെഡ്യൂളുകളാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. ഇതി നായി നിശ്ചയിക്കപ്പെട്ട മാനദണ്ഡം അനുസരിച്ച് 4260 ബസ്സുകൾ ആവശ്യ മുണ്ട്, എന്നാൽ 3940 ബസ്സുകൾ മാത്രമേ കൈവശമുള്ളൂ. ഇതിൽതന്നെ 10 ശതമാനം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കും സി.എഫ്. റിപ്പയറിംഗിനുമായി വർക്ക് ഷോപ്പുകളിൽ നിറുത്തിയിട്ടിരിക്കുകയാണ്. ഇത്തരത്തിൽ 715 ബസ്സുക ളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഇത് സർവ്വീസ് ഓപ്പറേഷനെ ഒരു പരിധി

LIBRARY ARCHIVES Kerala Legislative Assembly

വരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ കേന്ദ്രീകൃത പർച്ചേസ് സിസ്റ്റമാണ് നിലവിലുള്ളത്. അതനുസരിച്ച് ഓർഡർ നൽകി പാഴ്സൽ ഓഫീസിൽ എത്തുന്ന സ്പെയർപാർട്ട്സുകൾ ചിലപ്പോൾ സാമ്പത്തിക ഞെരുക്കംമൂലം സമയത്ത് ലഭ്യമാക്കാൻ കഴിയാതെ വരാറുണ്ട്. ഈ സർക്കാർ നിലവിൽ വന്നപ്പോൾ ഒരുവർഷം 1000 ബസ്സ് വീതം വാങ്ങണമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും സാമ്പത്തിക ഞെരുക്കംമൂലം ഇതുവരെ 1226 ബസ്സുകൾ മാത്രമേ നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബസ്സുകളുടെ അപര്യാപ്തക്കുറവിന് പുറമേ ജീവനക്കാരുടെ കുറവും അനുഭവപ്പെടുന്നുണ്ട്. 2001 വരെയുള്ള റിട്ടയർമെന്റ് കണക്കുകൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്ന് അഡൈസ് ലിസ്റ്റ് ലഭ്യമാകുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തി കുറവ് നികത്തിവരുന്നു. ഇത്രയും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽക്കൂടിയും ദേശസാൽകൃതമേഖലയിലേയും ഗ്രാമപ്രദേശങ്ങളിലെ കൂടുതൽ വരുമാനം ലഭിക്കുന്ന മേഖലകളിലേയും സർവ്വീസ് മുടക്കാറില്ല. കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ 5000 ആയി ഉയർത്തിയശേഷം മാത്രമേ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയൂ. അതിനായി അടിയന്തിരമായി കുറേ പുതിയ വാഹനങ്ങൾ ആവശ്യമുണ്ട്. മാത്രമല്ല, വർക്ക്ഷോപ്പ് സൗകര്യങ്ങൾ കൂട്ടേണ്ടതുണ്ട്. ഇതിനെല്ലാംകൂടി പണം കണ്ടെത്താനുള്ള ശ്രമത്തിലാണ്. കിട്ടാവുന്ന എല്ലാ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഹഡ്കോയും വിവിധ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഇതിനകം തന്നെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. വർക്ക്ഷോപ്പ് ആധുനികവൽക്കരിക്കുന്നതിന് ചില വിദേശ കമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട്. പുതിയതായി ഒരു റീജിയണൽ വർക്ക്ഷോപ്പ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. അംഗീകൃത സംഘടനകളുമായി ചർച്ചചെയ്ത് 13-4-1999-ൽ ശമ്പള പരിഷ്കരണ കരാർ ഒപ്പുവച്ചു. അതിലെ പല വ്യവസ്ഥകളും നടപ്പിലാക്കി കഴിഞ്ഞു. ശമ്പളവും പെൻഷനും പുനർനിർണ്ണയം ചെയ്യുന്നത് സംബന്ധിച്ച ജോലികൾ ഘട്ടംഘട്ടമായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഉടനെതന്നെ കരാർ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ വികസനത്തേയും ജീവനക്കാരുടെ ക്ഷേമത്തേയും മുൻനിറുത്തിയാണ് ഇതുവരെ പ്രവർത്തിച്ചിട്ടുള്ളത്. വരുംവർഷങ്ങളിലും അങ്ങനെതന്നെയായിരിക്കാൻ പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, മലബാർ മേഖലയിൽ ഇന്ന് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന മൊത്തം സർവ്വീസുകളിൽ 90 ശതമാനവും പ്രൈവറ്റ് ബസ്സുകളാണ്. ഈയിടെ പുതിയ മോട്ടാർ വെഹിക്കിൾസ് ആക്ട് അനുസരിച്ച് റൂറൽ മേഖലകളിൽ പ്രൈവറ്റ് ബസ്സ് യാത്രായോഗ്യമല്ലാതെ മാറിയിരിക്കുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി, മലബാർ മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മലബാർ മേഖലയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ഡോ : എ. നീലലോഹിതദാസൻ നാടാർ</u> : സർ, ഈ പ്രശ്നം മൂന്നുതരത്തിൽ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, നിലവിലുള്ള മോട്ടോർ വെഹിക്കിൾ നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്നുള്ള കാര്യം നിയമവകുപ്പ് പരിശോധിച്ചുവരികയാണ്. മറ്റൊന്ന് സ്വകാര്യ ബസ്സ് ഉടമകളുമായി സംസാരിച്ച് അവർ ഏറ്റെടുക്കുന്ന റൂട്ടുകളിൽ നിന്ന് ഇടയ്ക്കിടയ്ക്ക് മാറ്റിക്കൊണ്ടുപോകുന്ന രീതി മാറ്റി ആ റൂട്ടുകളിലൂടെ തന്നെ ഓടിച്ചാൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് പരിഹരിക്കാൻ അവരിലൂടെ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമതായി അത്യാവശ്യംവേണ്ട മേഖലകളിൽ ബസ്സുകളുടെ കുറവുണ്ടെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിലും കൂടുതൽ ബസ്സുകൾ ഓടിക്കാൻ ശ്രമിക്കുകയെന്നുള്ളതാണ്. പണ്ട് ഉള്ളതിനേക്കാളും മലബാർ മേഖലയിൽ കൂടുതൽ ബസ്സുകൾ അടുത്ത കാലത്തായി ഓടിച്ചുതുടങ്ങിയിട്ടുണ്ട്.

III. സബ്മിഷൻ

(1) നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടായ അക്രമം

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ വേണ്ടി എഴുതിത്തന്നതിനു കാരണം 7-ാം തീയതി വൈകുന്നേരം 7 മണി മുതൽ ഇന്നലെ വരെ ഈ ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരുകൂട്ടം സി.ഐ.ടി.യു.കാർ ആ പ്രദേശത്തെയാകെ വിറപ്പിക്കുകയും ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടെ വീട് ആക്രമിക്കുകയും പലരേയും ആശുപത്രിയിലാക്കുകയും ചെയ്ത വളരെ ഗുരുതരമായ ഒരു സംഭവം ചർച്ച ചെയ്യാൻ വേണ്ടിയാണ്. തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് പഞ്ചായത്തിൽ 7-ാം തീയതി രാത്രി 7 മണി മുതൽ 8-ാം തീയതി രാവിലെ 8 മണിവരെ ഒരു സംഘം അക്രമികൾ 5 ജീപ്പിൽ സഞ്ചരിച്ച് ഒരു പഞ്ചായത്താകെ വിറപ്പിച്ച സംഭവമാണ് ഉണ്ടായിരിക്കുന്നത്. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ എഡിഷനാണിത്. മലയാള മനോരമ ഏതാണ്ട് 5 കോളത്തിൽ വളരെ വിപുലമായി ആ വാർത്ത കൊടുത്തിട്ടുണ്ട്. വീട് ആക്രമിക്കുക മാത്രമല്ല, ഏതാണ്ട് പോലീസ് സ്റ്റേഷന്റെ മുന്നിൽ ഞങ്ങൾ ആ പ്രദേശത്ത് സ്ഥാപിച്ചിരുന്ന ഇന്ദിരാഗാന്ധിയുടെ മനോഹരമായ ദേശീയ സ്മാരകം ജീപ്പിൽ വന്ന ആളുകൾ അടിച്ച് തകർത്തു. അതുകഴിഞ്ഞ് മറ്റൊരു സ്ഥലത്ത് സ്ഥാപിച്ചിരുന്ന രാജീവ് ഗാന്ധിയുടെ സ്മാരകവും അടിച്ചു തകർത്തു. ഞങ്ങളുടെ പഞ്ചായത്തിലെ വൈസ് പ്രസിഡന്റ് ശ്രീ. രവി ഉറങ്ങിക്കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ പോയി വിളിച്ചുണർത്തി രവിയുടെ വീട് അടിച്ച് തകർത്തു. രവിയേയും അടിച്ചു. സർ, നന്ദിയോട് എസ്.കെ.വി ഹൈസ്കൂളിലെ അദ്ധ്യാപകനും ഞങ്ങളുടെ ഗ്രാമപഞ്ചായത്ത് മെമ്പറുമായ ശ്രീ. ടി.കെ. വേണുഗോപാലന്റെ വീട് ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തി. ഐ.എൻ.ടി.യു.സി പ്രസിഡന്റ് ഏലിയാസിനേയും ആക്രമിച്ചു. അയാൾ ഇപ്പോൾ ആശുപത്രിയിലാണ്. ആദിവാസികളെയും വെറുതെ വിട്ടില്ല. തങ്കപ്പൻ കാണിയുടെ വീട് ആക്രമിച്ച് വലിയ നാശനഷ്ടം വരുത്തി. ഉണ്ണിയുടെ വീട് ആക്രമിച്ചു. മുരളിയുടെ വീട് ആക്രമിച്ച് നാശനഷ്ടം വരുത്തി. അക്രമികൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് ദേശീയ സ്മാരകങ്ങൾ പൂർണ്ണമായും നശിപ്പിച്ചു. പോലീസ് നോക്കി നിൽക്കുമ്പോഴാണ് ഈ സ്മാരകം നശിപ്പിക്കുന്നത്. പോലീസിനെ അറിയിച്ചപ്പോൾ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത് ഞങ്ങളുടെ കൈയിൽ മതിയായ ഫോഴ്സ് ഇല്ല, അർദ്ധരാത്രി സമയമാണ്, ഇത് എങ്ങനെ ചെറുക്കാൻ കഴിയുമെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഇത് സി.ഐ. പറഞ്ഞ മറുപടിയാണ്. നന്ദിയോട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നാട്ടിയിരുന്ന ഞങ്ങളുടെ കൊടിമരങ്ങൾ മുഴുവൻ ഇന്നലെയും മിനിഞ്ഞാന്നുമായി വെട്ടി നശിപ്പിച്ചു. കോൺഗ്രസ്സ് (എസ്)-ന്റെ കൊടിമരവും ഞങ്ങളുടെ കൊടിമരവും ഏതാണ്ട് ഒരുപോലെയാണ്. കോൺഗ്രസ്സ് (എസ്)-ന്റെ കൊടിമരങ്ങളും വെട്ടിനശിപ്പിച്ചു. കോൺഗ്രസ്സ്(എസ്)-ന്റെ ഒരു പഞ്ചായത്ത് മെമ്പർ ഉള്ളതുകൊണ്ട് അവിടെ രണ്ടുമൂന്നു കൊടിമരങ്ങളുണ്ട്. ശ്രീ. ചക്രപാണിയുടെ കൊടിമരങ്ങളും വെട്ടി

LIBRARY ARCHIVES Kerala Legislative Assembly